നിന്നുള്ള ആകെ ഉത്പാദനം 6377.06 മില്യൻ യൂണിറ്റും ഉപഭോഗം 9384.40 മില്യൻ യൂണിറ്റും ആണ്. എന്നാൽ 10 വർഷങ്ങൾക്കുശേഷം 2014-15 വർഷത്തിൽ ഇത് യഥാക്രമം 7311.52 മില്യൻ യൂണിറ്റും 18432.48 മില്യൻ യൂണിറ്റും ആണ്. ഉപഭോഗത്തിൽ ഏകദേശം 97 ശതമാനത്തോളം വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായപ്പോൾ ആഭ്യന്തര ഉത്പാദന ശേഷിയിൽ 15 ശതമാനത്തോളം മാത്രമേ വർദ്ധനവ് വന്നിട്ടുള്ളൂ.

(ഡി) ഇപ്രകാരം ആക്ഷേപമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാരിന്റെ പരിഗണനയിലുള്ള ശേഷി കൂടിയ വൈദ്യുതോല്പാദന പദ്ധതികൾ നടപ്പിലാക്കുന്നതിന് പലവിധ തടസ്സങ്ങൾ നേരിട്ട സാഹചര്യത്തിൽ വാതകാധിഷ്ഠിത പദ്ധതികളിലൂടെയും ജലവൈദ്യുത പദ്ധതികളിലൂടെയും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ചുള്ള പദ്ധതികളിലൂടെയും ആഭ്യന്തര ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വിപുലമായി നടത്തുന്നതിനും ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. 2011-12-ൽ പ്രസരണ വിതരണ നഷ്ടം 15.62 ശതമാനമായിരുന്നത് 2014-15-ൽ 14.68 ശതമാനത്തിലേക്ക് കുറയ്ക്കുവാനായി എന്നതും, അന്യ സംസ്ഥാന സ്രോതസ്സുകളിൽ കേന്ദ്ര നിലയങ്ങളെ മാത്രം ആശ്രയിച്ചിരിക്കുക എന്ന അവസ്ഥയിൽ നിന്നും മാറി വ്യക്തമായ ആസൂത്രണത്തോടെ വളരെ കുറഞ്ഞ വിലയിൽ ദീർഘകാല-മധ്യകാല-ഹ്രസ്വകാല കരാറുകൾ വഴി വരും വർഷങ്ങളിലേക്കായി വൈദ്യുതി കണ്ടെത്താനായി എന്നതും സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്.

വ്യവസായ സംരംഭകത്വ വികസന പദ്ധതി

17 (*347) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികയുവജനകാര്യവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) യുവജനങ്ങളിൽ സംരംഭകത്വ കഴിവ് വളർത്താൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഹജ്ജ് കാര്യവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ഉണ്ട്.

(ബി) യുവജനങ്ങളുടെ സംരംഭകത്വ കഴിവ് വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ് ലക്ഷ്യം.

(സി) സംരംഭകത്വ പരിശീലന പരിപാടിയിൽ സംരംഭകാവസരം കണ്ടെത്തുന്നതു മുതൽ അവരെ വിജയകരമായി മുന്നോട്ട കൊണ്ടുപോയി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതുവരെ പരിശീലനാർത്ഥികൾക്ക് സഹായം നൽകുന്നതിലേക്ക് മോട്ടിവേഷൻ, മാർക്കറ്റ് അനാലിസിസ്, മെന്റിംഗ്, പ്രോജക്ട് റിപ്പോർട്ട് പ്രിപ്പറേഷൻ എന്നിവ പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രീ-ടെയിനിംഗ് ഘട്ടം, ടെയിനിംഗ് ഘട്ടം, മെന്റിംഗ് ഘട്ടം എന്നീ വിധത്തിൽ മൂന്ന് ഘട്ടങ്ങളിലായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.

(ഡി) Entrepreneurship Development Institute of India-യുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ഇ) ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, വയനാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നും സംരംഭക മേഖലയിൽ അഭിമുഖ്യമുള്ള 12-നും 40-നും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കളിൽ നിന്നും പത്രപരസ്യം മുഖേന അപേക്ഷകൾ ക്ഷണിക്കുകയും ഇതുപ്രകാരം അപേക്ഷ സമർപ്പിച്ച 498 പേർക്ക് പരിശീലനം നൽകുകയും, ഇവയിൽ 300 പേർ സ്വയം സംരംഭകരാകുകയും ചെയ്തു. യുവ സംരംഭകരായ യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 2014 നവംബർ 17, 18 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് യുവസംരംഭക സംഗമം സംഘടിപ്പിച്ചു കൂടാതെ കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ സംരംഭകത്വ പരിശീലനം നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly